**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 159** **23-08-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്ന വാടകകെട്ടിടം അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പുതിയ കെട്ടിടം നിർമ്മിച്ച് പ്രസ്തുത ഫയർ സ്റ്റേഷൻ കാഞ്ഞിരപ്പള്ളി പ്രദേശത്ത് തന്നെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | പ്രസ്തുത ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കാഞ്ഞിരപ്പള്ളിയിൽ തന്നെ നിലനിർത്തുന്നതിനായി കാഞ്ഞിരപ്പള്ളി -മണിമല റോഡ് ചെയിൻനേജ് 1/366 വലത്വശത്തായി, പൊതുമരാമത്ത് വകുപ്പിന്റെ ഭൂമിയിൽ ചിറക്കടവ് വില്ലേജ് ബ്ലോക്ക് നം .17-ൽ റീ-സർവ്വേ 257 - ൽപ്പെട്ട 19.46 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി വകുപ്പ് തലത്തിൽ സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | ഇതിനായി കാഞ്ഞിരപ്പള്ളി-മണിമല റോഡിന് സമീപത്ത് കണ്ടെത്തിയ ഭൂമി കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; കേരളാ റോഡ് ഫണ്ട് ബോർഡ്, പൊതുമരാമത്ത് വകുപ്പ് എന്നിവയുടെ അനുമതി ലഭിച്ചിട്ടുണ്ടോ; | (സി) | പ്രസ്തുത സ്ഥലത്ത് ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി നിരാക്ഷേപപത്രം നൽകുന്നതിന് ഫയർ & റെസ്ക്യൂ വകുപ്പ് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് എക്സിക്യൂട്ടിവ് എഞ്ചിനീയർ (നിരത്ത്) വിഭാഗത്തിന് നൽകിയിരുന്നു.കേരളാ റോഡ് ഫണ്ട് ബോർഡ്, പൊതുമരാമത്ത് വകുപ്പ് എന്നിവയുടെ അനുമതി ലഭ്യമായിട്ടില്ല. |
| (ഡി) | നടപടികൾ ത്വരിതപ്പെടുത്തി ഫയർസ്റ്റേഷന് പുതിയ കെട്ടിടം എത്രയും വേഗം നിർമ്മിക്കാൻ നടപടി സ്വീകരിക്കാമോ? | (ഡി) | സ്ഥലം വകുപ്പിന് കൈമാറി ലഭിച്ചാൽ ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി കെട്ടിടനിർമ്മാണം ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ